പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4595 28.6.2013-ൽ മറുപടിക്ക്

## നഗരവികസനത്തിന് കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |

എ) നഗര വികസന രംഗത്ത് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

എ) ജവഹർലാൽ നെഹ്റു ദേശീയ നഗരപുനരുദ്ധാരണ മിഷൻ (ജെഎൻഎൻയുആർഎം), ചെറുകിട ഇടത്തരം പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യവികസന പദ്ധതി (യുഐഡിഎസ്എസ്എംടി), കേരള സുസ്ഥിര നഗരവികസന പ്രോജക്ട്(കെഎസ്യുഡിപി), സുവർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന(എസ്ജെഎസ്ആർവൈ) സംയോജിത ഭവന നിർമ്മാണ ചേരിവികസന പദ്ധതി (ഐഎച്ച്എസ്ഡിപി), ബേസിക് സർവീസസ് ഫോർ അർബർ പുവർ(ബിഎസ്യുപി), രാജീവ് ആവാസ്യോജന (ആർഎവൈ), നഗരപ്രദേശങ്ങളിലെ ചെലവ് കുറഞ്ഞ സമഗ്ര ശുചിത്വപരിപാടി (ഐഎൽസിഎസ്). എന്നിവയാണ് നഗരവികസന രംഗത്ത് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ.

ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാം നഗരസഭകളിലാണ് നടപ്പാക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

ബി) ജവഹർലാൽ നെഹ്റു ദേശീയ നഗരപുനരുദ്ധാരണ മിഷൻ (ജെഎൻഎൻയുആർഎം), തിരുവനന്തപുരം, കൊച്ചി എന്നീ കോർപ്പറേഷനുകളിലും

യുഐഡിഎസ്എസ്എംടി, ഐഎച്ച്എസ്ഡിപി എന്നീ പദ്ധതികൾ തിരുവനന്തപുരം, കൊച്ചി, തൃപ്പൂണിത്തുറ, കളമശ്ശേരി എന്നീ നഗരസഭകളൊഴികെ മറ്റു എല്ലാ നഗരസഭകളിലും, കെഎസ്യുഡിപി പദ്ധതി 5 കോർപ്പറേഷനുകളിലും, എസ്ജെഎസ്ആർവൈ എല്ലാ നഗരസഭകളിലും, ബിഎസ്യുപി പദ്ധതി കൊച്ചി, തിരുവനന്തപുരം, തൃപ്പൂണിത്തുറ,

കളമശ്ശേരി എന്നീ നഗരസഭകളിലും, ആർഎവൈപദ്ധതി 5 കോർപ്പറേഷനുകളിലും കണ്ണൂർ നഗരസഭയിലും, ഐഎൽസിഎസ് പദ്ധതി എല്ലാ നഗരസഭകളിലും നടപ്പാക്കി വരുന്നു.

സി) ഈ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് എന്തൊക്കെ സംവിധാനമാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഈ പദ്ധതികളിലും ഏതെല്ലാം പൂർത്തിയായെന്നും വിശദമാക്കുമോ ?

സി) കെ.എസ്.യു.ഡി.പി-യുടെ കീഴിലുള്ള പദ്ധതി നിർവ്വഹണ യൂണിറ്റുകൾ (പി.ഐ.യു) പുരോഗതി വിലയിരുത്തുന്നു കൂടാതെ വകുപ്പുതലത്തിൽ മാസം തോറും നടക്കുന്ന നഗരസഭ സെക്രട്ടറിമാരുടെ അവലോകന യോഗത്തിൽ ഈ പദ്ധതികളുടെ അവലോകനം ബന്ധപ്പെട്ട നോഡൽ ഏജൻസികളുടെ പ്രതിനിധികളുമായി ചർച്ച നടത്തി പുരോഗതി വിലയിരുത്തി വരുന്നു. ഇതു കൂടാതെ പദ്ധതി പ്രവർത്തനങ്ങളുടെ സൂക്ഷമനിരീക്ഷണത്തിനും, വിശദ അവലോകനത്തിനുമായി ഒരു സ്വതന്ത്ര അവലോകന ഏജൻസി (IRMA) പ്രവർത്തിച്ചു വരുന്നു.
യു.ഐ.ഡി.എസ്.എസ്.എം.റ്റി പദ്ധതിയിൻ കീഴിൽ വടകര മുനിസിപ്പാലിറ്റിയിലെ കുടിവെള്ള പദ്ധതി ഭാഗീകമായി കമ്മിഷൻ ചെയ്തു. മറ്റ് പദ്ധതികളെല്ലാം തന്നെ 2014 മാർച്ചോടു കൂടി പൂർത്തിയാക്കാൻ വേണ്ട നിർദ്ദേശങ്ങൾ നഗരസഭകൾക്ക് നൽകിയിട്ടുണ്ട്. ഐ.എച്ച്.എസ്.ഡി.പി, ബി.എസ്.യു.പി പദ്ധതികളുടെ പൂർത്തിയാക്കേണ്ട കാലാവധി 2014 മാർച്ചാണ്. ആർഎവൈ-യുടെ കാലാവധി കേന്ദ്രസർക്കാർ പരാമർശിച്ചിട്ടില്ല.
എസ്.ജെ.എസ്.ആർ.വൈ പദ്ധതി ഒരു തുടർപദ്ധതിയാണ്.

സെക്ഷൻ ഓഫീസർ